# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.06 18.03.2013 ലെ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>" സി.പി.മുഹമ്മദ്<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" വി.ഡി.സതീശൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ജനസമ്പർക്ക പരിപാടിയുടെ ആദ്യ ഘട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വിലയിരുത്തൽ ജില്ലാ തലത്തിൽ വളരെ കാര്യക്ഷമതയോടെ ചെയ്തു വരുന്നു. മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരും അവലോകനം നടത്തിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടി യുടെ പുരോഗതിവിലയിരുത്തി മാസാന്ത്യ പുരോഗതി റിപ്പോർട്ട് സമർപ്പി ക്കുവാൻ എല്ലാ ജില്ലാതല ഓഫീസർ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിലെ പൗരന്മാർക്ക് അടിയന്തിര ആശ്വാസം നൽകുവാനും ആയിരക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ഈ | (ബി) പൊതു ജനസമ്പർക്ക പരിപാടി 14 ജില്ലകളിലും വിജയകരമായിരുന്നു. അതു വഴി ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുവാനും |

| | |
|---|---|
| പരിപാടി എത്ര മാത്രം സഹായിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുവാനും സാധിച്ചു. എല്ലാ ജില്ലാകളിലുമായി ഏകദേശം 5.5 ലക്ഷം ( **corrected figure**) അപേക്ഷകൾ ലഭിച്ചതിൽ 4 ലക്ഷം അപേക്ഷകൾ തീർപ്പാക്കി.. |
| (സി) ഈ പരിപാടിയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാനും അതിനെ വിശകലനം ചെയ്തു കൊണ്ട് ചിട്ടയുള്ളതും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?. | (സി) മുഖ്യമന്ത്രി 14 ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**(i)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>**(ii)**ബി.പി.എൽ.ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചിട്ടുണ്ട്.<br><br>**(iii)** സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ വർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്ന് |

കെ.എസ്.ആർ.ടി.സിയ്ക്ക് നിർദ്ദേശം നൽകി, സർക്കാർ ഉത്തരവു നൽകിയിട്ടുണ്ട്.

(iv)സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കി.

(v) നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ളതും യോഗ്യമായിട്ടുള്ളതുമായ മുഴുവൻ അപേക്ഷകളിലും അടിയന്തിരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

(vi) കെട്ടിട നിർമ്മാണ ലംഘനം നടത്തി എന്ന കാരണത്താൽ നിയമാനുനസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമായ 100 ച.മീ. വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്.